ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവിനെതിരെ നടപടി

68 (1628) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഗരങ്ങളിലെ ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധനവിനെക്കുറിച്ചുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വില വർദ്ധനവിനെ നിയന്ത്രിക്കാനും വില നിലവാരത്തെക്കുറിച്ച് അവലോകനം നടത്തുവാനും ഏതെങ്കിലും സമിതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനായി ഒരു സമിതി രൂപീകരിക്കുവാനും ഹോട്ടലുകളിൽ ഇൻസ്പെക്ഷൻ നടത്തുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലവർദ്ധനവ് നിയന്ത്രിക്കാനും വിലനിലവാരം അവലോകനം ചെയ്യാനും പ്രത്യേക സമിതി നിലവിലില്ല. എന്നാൽ, ഹോട്ടലുകളിലെ വില നിലവാരം സിവിൽ സപ്ലൈസ് വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണ പദാർത്ഥങ്ങളുടെ വില പ്രദർശിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധിക്കുന്നുണ്ട്. നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ ഹുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ 197 പ്രകാരം നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. ഇതിനായി പ്രത്യേക സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

ഭക്ഷ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി

69 (1629) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും സപ്ലൈകോ മാർക്കറ്റുകളിലും ഭക്ഷ്യ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അരി, ചെറുപയർ, കടല എന്നിവ ചില വിൽപ്പനശാലകളിൽ അപൂർവ്വ സന്ദർഭങ്ങളിൽ സ്റ്റോക്കില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി നിരക്കിൽ (12/70)വിതരണം ചെയ്യുന്ന അരി എഫ്.സി.ഐ.യിൽ നിന്നും സ്റ്റോക്കെടുത്ത് വിതരണം

LIBRARY ARCHIVES Kerala Legislative Assembly